PEOPLE FOR THE ETHICAL TREATMENT OF ANIMALS

PETA India
PO Box 28260
Juhu, Mumbai 400 049
(22) 4072 7382
(22) 2636 7383 (fax)

Info@petaindia.org
PETAIndia.com

**NEWS RELEASE**

# ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച PETA ഇന്ത്യയുടെ ആദ്യ 'കംപാഷനേറ്റ് യംഗ് ഓൻട്രപ്രനർ' അവാർഡ് ജേതാക്കളിൽ രശ്മിക മന്ദാനയും

ഡൽഹി - വ്യവസായങ്ങൾ. സംരംഭങ്ങൾ, പരിഷ്കരണങ്ങൾ, സസ്യാഹാരം, സൗന്ദര്യവർദ്ധക വസ്തുക്കൾ, പാദരക്ഷകൾ എന്നീ മേഖലകളിലെ നിക്ഷേപങ്ങൾ എന്നിവയിലൂടെ മൃഗങ്ങളെ സഹായിക്കുന്നതിന് പീപ്പിൾ ഫോർ ദ എത്തിക്കൽ ട്രീറ്റ്മെന്റ് ഓഫ് ആനിമൽസ് (PETA) ഇന്ത്യ, ആദ്യമായി ഇന്ത്യയുടെ ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് (ജനുവരി 12) പ്രഖ്യാപിച്ച **കംപാഷനേറ്റ് യംഗ് ഓൻട്രപ്രനർ അവാർഡിലൂടെ** 30 വയസോ അതിൽ താഴെയോ പ്രായമുള്ള അഞ്ച് ട്രയൽബ്ലേസർമാർക്ക് അംഗീകാരം നൽകുന്നു. ജേതാക്കളുടെ ലിസ്റ്റ് ചുവടെ നൽകുന്നു.

- **രശ്മിക മന്ദാന (മുംബൈ):** ദക്ഷിണേന്ത്യൻ, ഹിന്ദി സിനിമകളിൽ പ്രവർത്തിക്കുന്ന ഒരു അഭിനേത്രിയായ രശ്മിക ഇന്ത്യയിലെ ആദ്യത്തെ 100% വീഗൻ ബ്യൂട്ടി ബ്രാൻഡായ പ്ലം ഗുഡ്നെസിന്റെ നിക്ഷേപകയും ബ്രാൻഡ് അംബാസഡറുമാണ്. കമ്പനി അനിമൽ ടെസ്റ്റ്-ഫ്രീ ആണ്, കൂടാതെ അതിന്റെ ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങൾ സുഗന്ധത്തിനും, ചർമ്മസംരക്ഷണത്തിനും കൂടുതൽ ഗുണങ്ങൾക്കും പ്രശസ്തമാണ്.
- **അഭയ് രംഗൻ (ബെംഗളൂരു)** :ഒരു മൃഗാവകാശ പ്രവർത്തകനുമായ അഭയ് വീഗൻ മിൽക്ക് മിതമായ നിരക്കിൽ എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വൺ ഗുഡിന്റെ സ്ഥാപകനുമാണ്, ഇത് . ഈയിടെ ഇത് നൗറിഷ് യു ഏറ്റെടുത്തിരുന്നു.
- **ശുഭിക ജെയിൻ (റായ്പൂർ):** പ്രകൃതിദത്തവും പരിസ്ഥിതിയ്ക്ക് അനുയോജ്യവുമായ ഫോർമുലേഷനിലൂടെ ശ്രദ്ധ നേടിയ, അവാർഡ് വിന്നിംഗ് വീഗൻ സ്കിൻ കെയർ, വെൽനസ് ബ്രാൻഡ് ആർ എ എസ് ലക്ഷ്വറി ഓയിൽസിന്റെ സ്ഥാപകയും സി ഇ ഒയുമാണ് ശുഭിക. മൃഗസംരക്ഷണ സംഘടനകളെ പിന്തുണയ്ക്കുന്ന സജീവ മൃഗ അഭിഭാഷക കൂടിയാണ് അവർ.
- **ആശയ് ഭാവെ (ന്യൂ ഡൽഹി):** തേലിയുടെ സ്ഥാപകനായ സഹജീവി സ്നേഹവും സുസ്ഥിരതയുമുള്ള ഫാഷൻ സൃഷ്ടിക്കാനുള്ള ദൗത്യത്തിനായി പ്രവർത്തിക്കുന്ന വ്യക്തിയാണ് ആശയ്. മൃഗങ്ങളിൽ നിന്നുള്ള വസ്തുക്കളുടെ ഉപയോഗം നിരസിക്കുകയും പകരം പ്ലാസ്റ്റിക് ബാഗുകൾ പുനരുപയോഗിക്കുകയും ചെയ്യുന്ന, തൈലിയെക്കുറിച്ചുള്ള ഭാവേയുടെ കാഴ്ചപ്പാട് മനോഹരമായ ഷൂസുകൾ സൃഷ്ടിക്കുന്നതിനും ഉയർന്നതാണ്.
- **നൈമിത ജഗാസിയ (മുംബൈ)** :ഒരു ഷെഫും ഇന്ത്യയിലെ ആദ്യത്തെ ആഡംബര സസ്യാഹാരമായ പാറ്റിസറിയായ ഓഡ് ടു ഗയയുടെ സ്ഥാപകയുമാണ് നൈമിത. മുട്ട, പാലുൽപ്പന്നങ്ങൾ, മൃഗങ്ങളിൽ നിന്നുള്ള മറ്റേതെങ്കിലും ചേരുവകൾ എന്നിവയില്ലാതെ രുചികരമായ പേസ്ട്രികൾ ഉണ്ടാക്കി ദോഷകരമായ വ്യവസായ സമ്പ്രദായങ്ങളെ അവളുടെ സംരംഭം വിജയകരമായി വെല്ലുവിളിക്കുന്നു.

"ട്രെൻഡി ലെതർ-ഫ്രീ സ്നീക്കറുകൾ മുതൽ എല്ലാരും ഇഷ്ടപ്പെടുന്ന മധുരമുള്ള പലഹാരങ്ങൾ വരെ, ഞങ്ങളുടെ ജേതാക്കൾ വ്യവസായങ്ങളിൽ പുരാതനമായി തുടരുന്ന മൃഗോൽപ്പന്നങ്ങളുടെ ഉപയോഗത്തെ മാറ്റി മറിക്കുകയാണ്," PETA ഇന്ത്യയുടെ ചീഫ് കോർപ്പറേറ്റ് ലൈസൺ ആഷിമ കുക്രേജ പറയുന്നു. ഈ ലോകത്തെ അനുകമ്പാപൂർണ്ണമായ സ്ഥലമാക്കി മാറ്റുന്ന ഈ മികവുറ്റ സംരംഭകരെ PETA ഇന്ത്യ അംഗീകരിക്കുന്നു, മൃഗങ്ങളുടെ അവകാശങ്ങൾക്ക് മുൻഗണന നൽകുന്ന സംരംഭങ്ങൾ പിന്തുടരാൻ അവർ മറ്റ് യുവാക്കളെ പ്രചോദിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു". അദ്ദേഹം കൂട്ടിച്ചേർത്തു.

Affiliates:
- PETA Asia
- PETA Australia
- PETA Foundation (UK)
- PETA France
- PETA Germany
- PETA Netherlands
- PETA US

Registered Office:
F-110, 1st Floor, Jagdamba Tower
Plot No 13, Community Centre
Preet Vihar, New Delhi
110 092

CIN: U74899DL2000NPL103217

സസ്യാഹാരിയായ ഓരോ വ്യക്തിയും മാംസം, മുട്ട, പാലുൽപ്പന്ന വ്യവസായങ്ങളിൽ പ്രതിവർഷം 200 ഓളം മൃഗങ്ങളുടെ ദയനീയമായ ജീവിതവും ഭയാനകമായ മരണവും ഒഴിവാക്കുന്നു. തുകൽ കൊണ്ട് നിർമ്മിച്ച വസ്തുക്കൾ ഒഴിവാക്കുന്നവർ പശുക്കളെയും എരുമകളെയും സംരക്ഷിക്കുന്നു, കൂടാതെ വീഗൻ സൗന്ദര്യവർദ്ധക വസ്തുക്കൾ വാങ്ങുന്നവർ, അവയിലെ രാസവസ്തുക്കൾ കണ്ണിലോ ചർമ്മത്തിലോ

പുരട്ടി ക്രൂരമായ പരിശോധനകൾക്ക് വിധേയമാക്കുന്ന മുയലുകളേയും മറ്റ് മൃഗങ്ങളേയും സംരക്ഷിക്കുന്നു, .

PETA ഇന്ത്യയുടെ മുദ്രാവാക്യത്തിന്റെ ഒരു ഭാഗത്ത് " മൃഗങ്ങൾ നമുക്ക് ഏതെങ്കിലും വിധത്തിൽ നമുക്ക് പരീക്ഷണം നടത്താനോ ഭക്ഷിക്കാനോ ധരിക്കാനോ വിനോദത്തിനോ ദുരുപയോഗത്തിനോ വേണ്ടിയുള്ളതല്ല" - എന്ന് പ്രസ്താവിക്കുന്നു, ഇത് മനുഷ്യ-മേധാവിത്വപരമായ ലോകവീക്ഷണത്തെയും സ്പീഷിസത്തെയും എതിർക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, ദയവായി സന്ദർശിക്കൂ PETAIndia.com അല്ലെങ്കിൽ X (formerly Twitter), Facebook, Instagram. എന്നീ ലിങ്കുകൾ പിന്തുടരൂ.

**കോണ്ടാക്റ്റ്**
ഹിരാജ് ലാൽജനി 9619167382; HirajL@petaindia.org
സംസ്കൃതി ബെൻസോരെ 9167937382; SanskritiB@petaindia.org

#

PEOPLE FOR
THE ETHICAL
TREATMENT
OF ANIMALS

PETA India
PO Box 28260
Juhu, Mumbai 400 049
(22) 4072 7382
(22) 2636 7383 (fax)

Info@petaindia.org
PETAIndia.com

**NEWS RELEASE**

Affiliates:
- PETA Asia
- PETA Australia
- PETA Foundation (UK)
- PETA France
- PETA Germany
- PETA Netherlands
- PETA US

Registered Office:
F-110, 1st Floor, Jagdamba Tower
Plot No 13, Community Centre
Preet Vihar, New Delhi
110 092

CIN: U74899DL2000NPL103217